(സി) പൊതുവഴി, എൻക്രോച്ച് ചെയ്യത്തക്ക രീതിയിലാണോ സൈറ്റ് പ്ലാനിംഗ് കോർപ്പറേഷൻ അനുമതി നൽകിയത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ പൊതുവഴി എൻക്രോച്ച് ചെയ്ത് മതിൽ കെട്ടി ഗതാഗത തടസ്സം ഉണ്ടാക്കിയതായി സമീപവാസികൾ നൽകിയ പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നാളിതുവരെയായി പ്രസ്തുത മതിൽ പൊളിച്ച് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇതിന് എന്താണ് തടസ്സമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) ഈ മതിൽ എന്നത്തേയ്ക്ക് പൊളിച്ചുമാറ്റി ഗതാഗതം സുഗമമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബിപി2/5697/96 തീയതി : 12.9.96 പ്രകാരം. കോപ്പി ഹാജരാക്കുന്നു.†

(ബി) ട്രിഡ അംഗീകാരം നൽകി അയച്ച പ്ലാൻ പ്രകാരം തന്നെയാണ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്.

(സി) മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണ്. എന്നാൽ മതിൽ നിർമ്മിച്ചപ്പോൾ ഒരു പോയിന്റിൽ വഴിയുടെ വീതിയിൽ 20. സെ.മീ. കുറവു വന്നു.

(ഡി) കോർപ്പറേഷൻ ടി മതിൽ പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ടി മതിൽ പൊളിച്ചു മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രത്യേക തടസ്സം ഒന്നും ഇല്ല. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും അനാസ്ഥ ഉണ്ടായിട്ടില്ല.

(ജി) മതിൽ ഉടൻ പൊളിച്ചു മാറ്റി നടപടി പൂർത്തിയാക്കുന്നതാണ്.

ബങ്ക് കച്ചവടക്കാരെ പുനഃരധിവസിപ്പിക്കാൻ നടപടി

95 (3183) ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബങ്ക് കച്ചവടക്കാരെ പുനഃരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ നിർമ്മിച്ചിട്ടുള്ള 32 കടകൾ അലോട്ട് ചെയ്യാനുള്ള പ്രയോറിട്ടി ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടി ശ്രീ. എസ്.എ. മാഹീൻ എന്ന ബങ്ക് ഉടമ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ബങ്ക് ഉടമ 30.9.1990-ന് കോർപ്പറേഷന് സമർപ്പിച്ച അപേക്ഷ പരിഗണിക്കാൻ 21.10.1999-ന് ഹൈക്കോടതിയിൽനിന്നും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(സി) ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ കോർപ്പറേഷൻ നടപടിയെടുക്കാത്തതുകൊണ്ട് ഹൈക്കോടതിയിൽനിന്നും ഗവൺമെന്റിനു നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ ഗവൺമെന്റ് തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ തീരുമാനത്തിന് വിരുദ്ധമായി അർഹതയില്ലാത്തവരെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പരാതി ഉണ്ടായിട്ടുണ്ടോ;

(ഇ) കടകളുടെ അലോട്ട്മെന്റിന് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ മാറ്റാനും നറുക്കിട്ട് കടകൾ അലോട്ട് ചെയ്യാനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രീ. എസ്.എ. മാഹീന്റെ അപേക്ഷയിൻമേൽ നിയമാനുസൃതമായി നടപടി സ്വീകരിക്കാൻ ഹൈക്കോടതിയിൽനിന്നും സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ഇല്ല.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതി ഫണ്ടിന്റെ വിനിയോഗം

96 (3184) ശ്രീ. ബി. വിജയകുമാർ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടത്തിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ അന്വേഷിക്കണമെന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ വിധി വന്നത്;

(ബി) ഹൈക്കോടതി ഇപ്രകാരം വിധി പ്രസ്താവിക്കാനുണ്ടായ സാഹചര്യമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണ റിപ്പോർട്ട് എ.ജി. ഹൈക്കോടതിക്ക് നൽകണമെന്ന് പ്രസ്തുത വിധിയിൽ പറഞ്ഞിട്ടുണ്ടോ; എങ്കിൽ എന്ന് റിപ്പോർട്ട് നൽകണമെന്നാണ് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) ഈ വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 13.12.1999-ലാണ് വിധി വന്നത്.

(ബി) തിരുവനന്തപുരം നഗരസഭയിലെ പാളയം വാർഡ് കൗൺസിലറായ ശ്രീ. എം.എ. വാഹിദ്, ജനകീയാസൂത്രണ ഫണ്ട് വിനിയോഗം സംബ

LIBRARY ARCHIVES Kerala Legislative Assembly